ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ശാന്തി നഗർ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം

**സി.ജി & എ.സി 57457/2012** **തീയതി:31/12/2012**

# <u>സർക്കുലർ</u>

വിഷയം: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക അസംബ്ലിയും സൗഹാർദ പ്രതിജ്ഞയും

സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമത്തിനെതിരെ പൊതുജന ശ്രദ്ധ ആകർഷിക്കുന്നതിനും അവബോധം നൽകുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2013 ജനുവരി ഒന്നിന് എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്രത്യേക അസംബ്ലിയും പ്രതിജ്ഞയും നടത്തേണ്ടതാണ്.

പ്രതിജ്ഞ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ഡയറക്ടർ

# <u>പ്രത്യേക പ്രതിജ്ഞ</u>

(01.01.2013 ചൊവ്വാഴ്ച രാവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രത്യേക അസംബ്ലിയിൽ ചൊല്ലുവാനുള്ളത്.)

ഞാൻ സനാതന ധർമ്മങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നു. മനുഷ്യത്വത്തെ ബഹുമാനിക്കുന്നു. എന്നിൽ നിന്ന് ഒരിക്കലും അധമവും അനാശാസ്യവുമായ ഒരു പ്രവർത്തനവും ഉണ്ടാകുകയില്ല. എന്റെ എല്ലാ സൗഹൃദവും ബന്ധവും നന്മയിലും തുല്യനീതിയിലും അധിഷ്ഠിതമായിരിക്കും. ഞാൻ ആരോടും വിദ്വേഷം വച്ചു പുലർത്തുകയില്ല. മാനവികതക്കെതിരെയുള്ള ഏതു നീക്കത്തെയും ചെറുത്തു തോൽപ്പിക്കും. ഏവരോടും സ്നേഹത്തോടും സൗഹാർദ്ദത്തോടും മാത്രമേ പെരുമാറുകയുള്ളൂ. ഇത് ജീവിതത്തിലുടനീളം പാലിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

**പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ**